## ലേലം/ടെണ്ടർ/ഓഫർ നിബന്ധനകൾ

1. കോഴിക്കോട് നഗരപരിധിയിൽ എത്തുന്ന പൊതു ജനങ്ങൾക്ക് വൃത്തിയുള്ളതും ആധുനിക സൌകര്യങ്ങളോടുകൂടിയതുമായ പൊതു ശൌചാലയങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി സംവിധാനം മികച്ച രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ചെലവു കണ്ടെത്തുന്നതിനാണ് കഫ്റ്റീരിയ സജ്ജമാക്കിയിരിക്കുന്നത്.

2. നിലവിലുള്ള അവസ്ഥയിലും സ്ഥലത്തും സൌകര്യത്തിലുമാണ് നടത്തിപ്പിനായി ടേക്ക് എ ബ്രേക്ക് അനുവദിക്കുന്നത്.

3. ടോയ്ലറ്റ് ബ്ലോക്ക് ആധുനിക രീതിയിൽ Mechanised cleaning സംവിധാനം ഉപയോഗിച്ച് എയർപോർട്ടുകളിലെ ശൌചാലയങ്ങളോട് കിടപിടിക്കത്തക്ക രീതിയിൽ പരിപാലിക്കേണ്ടതാണ് .

4. ശൌചാലയങ്ങൾ എല്ലാ ദിവസവും 24 മണിക്കൂറും പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ സോകര്യം ഏർപ്പെടുത്തേണ്ടാതാണ്

5 ടേക്ക് എ ബ്രേക്കിന്റെ ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കേണ്ടതും ഗ്രീൻപ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

6 ശൌചാലയങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും കോർപ്പറേഷൻ നിശ്ചയിക്കുന്ന നിരക്കിലുള്ള യൂസർ ചാർജ്ജ് ഈടാക്കാവുന്നതും ആയതിന്റെ നിരക്കുകൾ വ്യക്തമായി പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയില് പ്രദർശിപ്പിക്കേണ്ടതുമാണ്.

7 ടേക്ക് എ ബ്രേക്ക് സംവിധാനത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കുന്നതും അനുവദിക്കപ്പെട്ട സ്ഥലത്ത് യാതൊരു വിധത്തിലുള്ള കൂട്ടിച്ചേർക്കലുകള് നടത്തുകയോ നിലവിലുള്ള അവസ്ഥയില് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടില്ലാത്തതുമാണ് .

8 കഫ്റ്റീരിയ പ്രവർത്തിപ്പിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പ് ഉൾപ്പടെയുള്ള വകുപ്പുകളില് നിന്നും ആവശ്യമായ അനുമതി ലൈസൻസികള് വാങ്ങിയിരിക്കേണ്ടാതാണ്.

9.കുടിവെള്ളം. മാലിന്യ സംസ്കരണം എന്നിവ ലൈസൻസി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.

10 ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ലൈസൻസി സ്വന്തം ചെലവില് വഹിക്കേണ്ടതാണ് .

11.ലൈസൻസി യാതൊരു കാരണവശാലും അനുവദിക്കപ്പെട്ട ടേക്ക് എ ബ്രേക്ക് മറ്റൊരാൾക്ക് കൈമാറുകയോ പാർട്ട്ണർ ഉടമ്പടി ചമക്കുകയോ, കച്ചവട സ്വഭാവം മാറ്റുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

12 ലൈസൻസ് കാലാവധി പരമാവധി 3 വർഷ കാലയളവിലേക്കായിരിക്കും അനുവദിക്കുക. ലൈസൻസ് കാലാവധിക്ക് ശേഷം ലൈസൻസ് പുതുക്കി അനുവദിക്കുന്ന പക്ഷം കൌൺസിൽ തീരുമാനത്തിനു വിധേയമായി ലൈസൻസ് ഫീസിൽ 20